"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം- അഡീഷണൽ ചീഫ് ടൗൺ പ്ലാനർ , സീനിയർ ടൗൺ പ്ലാനർ, ടൗൺ പ്ലാനർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം- നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.291/2025/LSGD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-.

1 സ.ഉ.(പി)നം.3/2025/ തസ്വഭവ, തീയതി 22.01.2025

2. 27.01.2025 തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/12193/2024-DEA5 നമ്പർ കത്ത്

3. 20.11.2024,27.01.2025 തീയതികളിൽ ശ്രീമതി. സീമ എസ്. ആർ, ടൗൺ പ്ലാനർ സമർപ്പിച്ച അപേക്ഷ

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ , സീനിയർ ടൗൺ പ്ലാനർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽ കിയും, സീനിയർ ടൗൺ പ്ലാനർ, ടൗൺ പ്ലാനർ തസ്തികകളിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും ചുവടെചേർക്കും പ്രകാരം ഉടൻ പ്രാബല്യത്തിൽ വരും വിധം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**118100-163400 രൂപ ശമ്പള സ്കെയിലിലുള്ള അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയുള്ള നിയമനം**

സീനിയർ മോസ്റ്റ് സീനിയർ ടൗൺ പ്ലാനർ ശ്രീ. സി. വിനോദ് കുമാറിന് (പെൻ-377567) അഡീഷണൽ ചീഫ് ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം നൽകി, ശ്രീ.പി.എൻ.രാജേഷ് അഡീഷണൽ ചീഫ് ടൗൺ പ്ലാനർ വിരമിച്ചതു മൂലമുണ്ടായ ഒഴിവിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിക്കുന്നു.

**118100-163400 രൂപ ശമ്പള സ്കെയിലിലുള്ള സീനിയർ ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം /സ്ഥലം മാറ്റം നൽകിയുള്ള നിയമനം**

1.സീനിയർ മോസ്റ്റ് ടൗൺ പ്ലാനർ ശ്രീ. പി. രവികുമാറിന് (പെൻ-431243) സീനിയർ ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം നൽകി , സീനിയർ ടൗൺ പ്ലാനർ ശ്രീമതി. സുജ മത്തായി( പെൻ-377649) യെ സ്ഥലം മാറ്റുന്ന ഒഴിവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ കാര്യ◌ാലയത്തിൽ നിയമിക്കുന്നു.

2. എറണാകുളം ജില്ലാ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനർ ശ്രീമതി. സുജ മത്തായി( പെൻ- 377649) യെ, സീനിയർ ടൗൺ പ്ലാനർ ശ്രീ. സി. വിനോദ് കുമാറിന് (പെൻ-377567) അഡീഷണൽ ചീഫ് ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം നൽകുന്നതുമൂലമുണ്ടാകുന്ന ഒഴിവിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ RERA-യിൽ സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിയമിക്കുന്നു.

**56500-118100 രൂപ ശമ്പള സ്കെയിലിലുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകിയുള്ള നിയമനം**

അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ അഭിജിത്ത്. ബി. (പെൻ- 879610)-യ്ക്ക് ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പാലക്കാട് ജില്ലാ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. പരാമർശം (1) പ്രകാരം സീനിയോരിറ്റി പുന:സ്ഥാപിച്ച് നൽകിയിട്ടുള്ളതിനാൽ ടിയാന് തന്റെ ഇമ്മീഡിയറ്റ് ജൂനിയറിന് പ്രമോഷൻ നൽകിയിട്ടുള്ള 9.7.2024 തീയതി പ്രാബല്യത്തിൽ നോഷണൽ പ്രമോഷന് അർഹതയുണ്ടായിരിക്കും.

**ടൗൺ പ്ലാനർ തസ്തികയിലെ സ്ഥലംമാറ്റം**

തൃശ്ശൂർ ജില്ലാകാര്യാലയത്തിലെ ടൗൺ പ്ലാനർ ശ്രീമതി സീമ എസ്. ആർ (പെൻ-690838)-

ന് സ്ഥലംമാറ്റം നൽകി , ശ്രീമതി. ഐഷ പി.എ, ടൗൺ പ്ലാനർ വിരമിച്ച ഒഴിവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിക്കുന്നു.

**സ്ഥാനക്കയറ്റം നൽകി/സ്ഥലംമാറ്റി നിയമിക്കപ്പെട്ട ജീവനക്കാർ ജോലിയിൽ പ്രവേശിച്ച ഉടൻതന്നെ RTC സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

2.ബന്ധപ്പെട്ട ജീവനക്കാർക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

4.സെക്രട്ടറി, RERA, തിരുവനന്തപുരം

5.വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

6.കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നമ്പർ.EWB3/238/2024-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.P
സെക്ഷൻ ഓഫീസർ
Date: 30-01-2025 17:14:12